(ഡി) തീരുമാനമാകാത്ത കേസുകളിൽ 513 പേരെ അറസ്റ്റ് ചെയ്യുവാൻ ബാക്കിയുണ്ട്.

(ഇ) രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ എണ്ണം ചുവടെ ചേർക്കുന്നു: സ്ത്രീകൾക്കു നേരെ നടന്ന അതിക്രമങ്ങൾ/സ്ത്രീ പീഡനങ്ങളുമായി ബന്ധപ്പെട്ട കേസുകൾ (ബലാത്സംഗം ഒഴികെ) - 1,076. കുട്ടികൾക്കു നേരെ നടന്ന അതിക്രമങ്ങൾ/പീഡനങ്ങളുമായി ബന്ധപ്പെട്ട കേസുകൾ - 261. കൊലപാതകവുമായി ബന്ധപ്പെട്ട കേസുകൾ - 14. ബലാത്സംഗ കേസുകൾ - 614

ജൂണേരി അക്രമം

195 (199) ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ജൂണേരി അക്രമ സംഭവങ്ങളെ സംബന്ധിച്ച് സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ഏതെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിന്മേലുള്ള സർക്കാർ നിലപാട് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രദേശത്ത് ഇത്തരം സംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാനും സമാധാനന്തരീക്ഷം നിലനിർത്താനും പ്രത്യേകം ശ്രദ്ധ ചെലുത്തുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ബാധകമല്ല.

(സി) പ്രത്യേക ശ്രദ്ധചെലുത്തിവരുന്നു. പോലീസ് നിരീക്ഷണം കർശനമാക്കിയും പോലീസ് പട്രോളിംഗ്, പിക്കറ്റിംഗ് എന്നിവ ഊർജ്ജിതമാക്കിയും നിലവിൽ കേസിൽ ഉൾപ്പെട്ട പ്രതികൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചും ജൂണേരി പ്രദേശത്ത് അക്രമ സംഭവങ്ങൾ ആവർത്തിക്കപ്പെടാതിരിക്കാനും സമാധാനന്തരീക്ഷം നിലനിർത്താനും ശ്രദ്ധിച്ചുവരുന്നു.

ശിക്ഷാ കാലാവധി പൂർത്തിയാക്കിയ തടവുകാരുടെ മോചനം

196 (200) ശ്രീ. കെ. എൻ. എ. ഖാദർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ശിക്ഷാ കാലാവധി പൂർത്തിയാക്കിയിട്ടും ജയിലുകളിൽ കഴിയുന്ന തടവുകാരുണ്ടോ ; ഉണ്ടെങ്കിൽ എത്രപേർ എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവരെ മോചിപ്പിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണ് ;

(സി) ശിക്ഷാ കാലാവധി പൂർത്തിയാക്കുന്നവരുടെ പട്ടിക മുൻകൂറായി തയ്യാറാക്കി യഥാസമയം ഇവരെ മോചിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) ശിക്ഷാ കാലാവധി പൂർത്തിയാക്കിയ തടവുകാരെ യഥാസമയം മോചിപ്പിക്കുന്ന സംസ്ഥാനമായി കേരളത്തെ മാറ്റാൻ പര്യാപ്തമായ നയം രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. ശിക്ഷാ കാലാവധി പൂർത്തിയാക്കിയ റഹീബുൾ, S/o. സത്താർ എന്ന ഒരു ബംഗ്ലാദേശ് തടവുകാരൻ ജയിലിൽ കഴിയുന്നുണ്ട്.

(ബി) ഡീപോർട്ടേഷൻ നടപടികൾ വൈകുന്നതിനാലാണ് ഈ തടവുകാരനെ ജയിലിൽതന്നെ പാർപ്പിച്ചിരിക്കുന്നത്.

(സി) ശിക്ഷാ കാലാവധി പൂർത്തിയാക്കുന്നവരുടെ പട്ടിക മുൻകൂറായി തയ്യാറാക്കി തടവുകാരെ യഥാസമയം വിട്ടയയ്ക്കുന്നുണ്ട്. എന്നാൽ ഡീപോർട്ടേഷൻ നടപടികൾ യഥാസമയം പൂർത്തിയാക്കാത്ത വിദേശ തടവുകാരെ പ്രസ്തുത നടപടികൾ പൂർത്തിയാകുന്നതുവരെ ജയിലുകളിൽതന്നെ പാർപ്പിക്കുന്നു.

(ഡി) ശിക്ഷ പൂർത്തിയാക്കുന്ന തടവുകാരെ യഥാസമയംതന്നെ മോചിപ്പിക്കണം എന്നനയം തന്നെയാണ് സർക്കാർ പിന്തുടർന്നുവരുന്നത്.

പോലീസ് മർദ്ദനം

197 (201) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഇതുവരെ സംസ്ഥാനത്ത് പട്ടികജാതി/പട്ടികവർഗ്ഗ ആദിവാസി വിഭാഗത്തിൽപ്പെട്ടവർക്ക് പോലീസിൽനിന്നും മർദ്ദനമേറ്റ എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതേത്തുടർന്ന് എത്ര പോലീസുകാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) 4 സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 2 പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2 ഉദ്യോഗസ്ഥർക്കെതിരെ അന്വേഷണം നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly